**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3450** **14-07-2022 - ൽ മറുപടിയ്ക്ക്**

**പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ നാക് പിയർ ടീമിന്റെ പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ചാലക്കുടി നിയോജക മണ്ഡലത്തിലെ ഏക സർക്കാർ കോളേജായ പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ നിലവിലുള്ള കോഴ്സുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ നിലവിലുള്ള കോഴ്സുകൾ ചുവടെ ചേർക്കുന്നു:<br>1. BCom Co-operation<br>2. BSc. Physics<br>3. BSc. Mathematics<br>4. BA. Economics<br>5. BA. Political Science<br>6. M.Com. Marketing<br>7. MSc. Mathematics<br>8. MA. Malayalam Language and Literature<br>9. MA. Economics<br>10. MA. Political Science |
| (ബി) | പ്രസ്തുത കോളേജിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിരുന്നോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) | 2020-21 അധ്യയന വർഷം കോളേജിൽ പുതിയ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിരുന്നുവെങ്കിലും പുതിയ കോഴ്സുകൾക്ക് സർക്കാർ അനുമതി നൽകിയിരുന്നില്ല. 2022-23 അധ്യയന വർഷം പനമ്പള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനുള്ള സാധുവായ പ്രൊപ്പോസൽ ലഭിച്ചിട്ടില്ല. |
| (സി) | പ്രസ്തുത കോളേജിൽ നാക് പിയർ ടീമിന്റെ പരിശോധന നടന്നിരുന്നോയെന്നും പരിശോധനയുടെ അടിസ്ഥാനത്തിൽ അക്കാദമിക് നിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും ശിപാർശകൾ നൽകിയിരുന്നോയെന്നും വിശദമാക്കുമോ; | (സി) | കോളേജിൽ നാക് പിയർ ടീം സന്ദർശനം നടത്തുകയും, അക്കാദമിക നിലവാരം ഉയർത്തുന്നതിനായി ചുവടെ പറയുന്ന നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.<br>1. കോളേജിന് സ്വയംഭരണം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുക.<br>2. BA Engish, B.Sc.Physics, B.Sc. Chemistry എന്നീ ബിരുദ കോഴ്സുകൾ |

| | | | |
|---|---|---|---|
| | | | ആരംഭിക്കുക.<br>3. ഇംഗ്ലീഷ്, മലയാളം എന്നീ വിഷയങ്ങളിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ ആരംഭിക്കുക.<br>4. വ്യവസായ സ്ഥാപനങ്ങളുമായി സംയോജിത പ്രവർത്തനങ്ങളിൽ ഏർപ്പെടുക.<br>5. വിവിധ സ്കീമുകളിൽ നിന്നും UGC ഫണ്ട് പരമാവധി പ്രയോജനപ്പെടുത്തുക.<br>6. ദേശീയ തല ഏജൻസികളിൽ നിന്നും കൂടുതൽ റിസർച്ച് പ്രോജക്ടുകൾ ഏർപ്പെടുത്തുക.<br>7. Commerce, Economics, Mathematics, Political Science എന്നീ വിഭാഗങ്ങളെ ഗവേഷണ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുക.<br>8. Economics, Commerce എന്നീ വിഭാഗങ്ങളെ പ്രയോജനപ്പെടുത്തി തുക കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക. |
| (ഡി) | പ്രസ്തുത ശിപാർശകളിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ? | (ഡി) | പ്രസ്തുത നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് കോളേജിന് Bsc. (Physics), MA(Malayalam) എന്നീ കോഴ്സുകൾ അനുവദിച്ചത്. UGC യിൽ നിന്നും 5 അധ്യാപകർക്ക് ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാമിനും, 1 അധ്യാപികയ്ക്ക് ICSSR ൽ നിന്ന് 5 ലക്ഷം രൂപയുടെ മേജർ പ്രൊജക്ടിനും അനുമതി ലഭിച്ചു. സംസ്ഥാന സർക്കാർ 2,50,000/- രൂപയുടെ ഫെലോഷിപ്പും അനുവദിച്ചു നൽകിയിട്ടുണ്ട്.<br><br>കോമേഴ്സ്, എക്കണോമിക്സ് ഡിപ്പാർട്ട്മെന്റുകൾ കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ റിസർച്ച് സെന്റർ ആയി ഉയർത്തുകയും, Mathematics, Political Science, Malayalam വിഭാഗങ്ങൾ ഗവേഷണ കേന്ദ്രങ്ങളായി ഉയർത്തുന്നതിനുള്ള അപേക്ഷ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ കാലിക്കറ്റ് സർവകലാശാലയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ